# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5660** **09/07/2012 -ൽ മറുപടിക്ക്**

## സ്കൂൾ തലത്തിൽ സേവന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. കെ. രാജു<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. പി. തിലോത്തമൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്കൂൾ തലത്തിൽ സേവന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയത് എന്നുമുതലാണെന്ന് വ്യക്തമാക്കുമോ; | (എ) | ഉച്ചഭക്ഷണപദ്ധതി 1995 മുതൽ സംസ്ഥാനത്തെ സ്ക്കുളുകളിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ; . | (ബി) | വിദ്യാർത്ഥികളിലെ പോഷകാഹാരക്കുറവ് നികത്തുകയും അതുവഴി ഊർജ്ജസ്വലരായ ഭാവി തലമുറയെ വാർത്തെടുക്കലും. |
| (സി) | ഈ പദ്ധതിപ്രകാരം പോഷകാഹാര സാധനങ്ങൾ വാങ്ങിയ വകയിൽ കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ എന്തുമാത്രം കുടിശ്ശികയാണുള്ളതെന്ന് വെളിപ്പെടുത്തുമോ; | (സി) | പാൽ നൽകിയ വകയിൽ 15 കോടി രൂപ മിൽമയ്ക്ക് നൽകുവാനുണ്ട്. |
| (ഡി) | ഈ പദ്ധതി കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഈ വർഷം മാതൽ ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന്റെ ഭാഗമായി പുതിയ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ